# വചനവിചിന്തനം ആഗസ്റ്റ് 30 ഞായർ, 2009

## LK.18: ന്യായാധിപനും വിധവയും

പ്രാചീന മെസൊപ്പൊട്ടോമിയായിലെ നീതിന്യായവ്യവസ്ഥയാണ് കഥയുടെ ക്യാൻവാസ്. ഭരിക്കുന്ന പ്രഭുക്കന്മാരുടെ ഇഷ്ടപ്രകാരവും അവരെ സ്വാധീനിച്ചുമാണ് ന്യായാധിപന്മാർ നിയമിക്കപ്പെട്ടിരുന്നത്. സ്വാഭാവികമായും നീതി നിർവ്വഹണത്തിൽ അഴിമതിയും സ്വജനതാൽപര്യങ്ങളും മറ്റും മാനദണ്ഡങ്ങളായി. മാനവീക പരിഗണനയോ ദൈവികചിന്തയോ ഇല്ലാതിരുന്ന ഈ വ്യവസ്ഥിതിയിൽ അബലരും വിധവകളുമൊക്കെ നിഷേധിക്കപ്പെട്ട നീതിയുടെ നിലവിളി ശബ്ദങ്ങളായിരുന്നു.

ഈ ഒരു പശ്ചാത്തലത്തിലാണ് ഒരു വിധവ നീതി നടത്തിക്കിട്ടാൻ ന്യായാധിപന്റെ പക്കലെത്തുന്നത്. മാനവീകമായ പരിഗണനയോ നീതിബോധമോ ഇല്ലെങ്കിലും നിരന്തരമായ ശല്യം സഹിക്കവയ്യാതെ ന്യായാധിപൻ അവർക്ക് നീതി നടത്തിക്കൊടുത്തു. അങ്ങനെയെങ്കിൽ നീതിമാനായ ദൈവം, മക്കളുടെ ആവശ്യങ്ങൾ അലിവോടെ അറിയുന്ന പിതാവ്, തന്നോട് യാചിക്കുന്നവരെ എത്രയധികം സംരക്ഷിക്കും എന്ന ക്രിസ്തുവിന്റെ ‘‘അബ്ബാ’’യെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലും, ഒപ്പം നിരാശ വെടിഞ്ഞ് പ്രാർത്ഥിക്കണമെന്നുള്ള വചനപാഠവും വരണ്ട ജീവിതത്തിലെ മഴപ്പെയ്ത്താണ്.

പ്രാർത്ഥനയുടെ ആദിരൂപമാണ് യാചന. ഉല്പ.4:6 മുതൽ – ‘‘അക്കാലത്ത് മനുഷ്യൻ ദൈവത്തിന്റെ നാമം വിളിച്ചപേക്ഷിക്കാൻ തുടങ്ങി..... ’’ ഈ ചരിത്രം തുടങ്ങുകയാണ്. പുറപ്പാട് 33:12 ൽ ഒരു സ്നേഹിതനോട് എന്നതുപോലെ മോശ ദൈവത്തോട് സംസാരിച്ചെന്നും കൂടാരത്തിനു മുകളിൽ ദൈവസാന്നിദ്ധ്യം മേഘസ്തംഭമായി ഇറങ്ങിവന്നെന്നും പറയുമ്പോൾ പ്രാർത്ഥന വ്യക്തിപരമായ ഇടപെടലാവുകയാണ്. 1 സാമുവലിൽ ഹൃദയം തുറന്ന് തന്റെ എല്ലാ വികാരങ്ങളും വിചാരങ്ങളും അതേപോലെ ദൈവവുമായി പങ്കുവയ്ക്കുന്ന ഹന്ന ദൈവവുമായുള്ള മനുഷ്യബന്ധത്തിന്റെ ആർദ്രമായ ചിത്രമാണ്. മത്തായി സുവിശേഷകൻ (6:5–8) അത് ഒരു രഹസ്യസംഭാഷണത്തിന്റെ തലത്തിൽ കാണുമ്പോൾ 1 പത്രോസ് (5:6–7) നിങ്ങളുടെ കാര്യത്തിൽ ഏറെ ശ്രദ്ധാലുവാണ് ദൈവമെന്നും അതുകൊണ്ട് എല്ലാ ഉത്കണ്ഠകളും അവനെ ഏല്പിക്കാൻ ഉപദേശിക്കുകയും ചെയ്യുമ്പോൾ യാചനാ പ്രാർത്ഥനയ്ക്ക് ആശ്വാസത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ഭാവങ്ങൾ രൂപപ്പെടുന്നു.

നമ്മുടെ സങ്കടങ്ങളിൽ നിന്ന് അപരന്റെ ദു:ഖങ്ങളിലേയ്ക്ക് ശ്രദ്ധിക്കാൻ മാത്രം നാം വളരുമ്പോൾ പ്രാർത്ഥന മദ്ധ്യസ്ഥത്തിന്റേതാവും.

ഉല്പ.18 –ൽ സോദോമിനു വേണ്ടി പ്രാർത്ഥിക്കുന്ന അബ്രാഹവും പുറ:17–ൽ അമലേക്യരുമായുള്ള യുദ്ധത്തിനു പോകുന്ന ജനത്തിനു വേണ്ടി ഉയർത്തിയ കരങ്ങളുമായി പ്രാർത്ഥിക്കുന്ന മോശയും പുറ:32–ൽ തന്റെ ജനത്തിന്റെ വിശ്വാസരാഹിത്യത്തിനു പരിഹാരമായി ദൈവത്തോട് മാപ്പു ചോദിക്കുന്ന മോശയും മറ്റും മദ്ധ്യസ്ഥ പ്രാർത്ഥനയുടെ നിർമ്മലമായ ഓർമ്മപ്പെടുത്തലുകളാണ്. ഓരോ കുടുംബനാഥനും ഏറ്റെടുക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ചാണ് മോശയുടെ വിരിച്ചുപിടിക്കുന്ന കരങ്ങൾ ഓർമ്മിപ്പിക്കുക.

ദൈവവുമായുള്ള ബന്ധത്തിൽ ആഴപ്പെടുമ്പോൾ പിന്നെ നമ്മുടെ സങ്കടങ്ങളിൽനിന്നു പോലും നിലവിളികളുണ്ടാകുന്നില്ല -പകരം **സ്തുതികീർത്തനങ്ങളുയരുന്നു** എന്നാണ് ദാനിയേൽ 3:1 - മുതൽ നാം വായിക്കുന്നത്. സിംഹക്കൂടും തീജ്വാലയുമൊന്നും പിച്ചിചീന്തുന്നതോ, പൊള്ളിക്കുന്നതോ ആയ അനുഭവങ്ങളല്ലാതാവുകയാണ്. പകരം ദൈവസ്തുതികൾ മാത്രം അപ്പ. പ്ര (16:25-35) പൗലോസിനും സീലാസിനും മർദ്ദനങ്ങളും ചങ്ങലകളും ഇരുണ്ട തടവറയും സ്തുതിയുടെ വിഷയങ്ങളായി മാറുന്നത് പ്രാർത്ഥനയുടെ ആഴങ്ങളിലേയ്ക്ക് ഇറങ്ങുന്നതുകൊണ്ടാണ്.

അതായത്, പ്രാർത്ഥനാനുഭവങ്ങൾ എപ്പോഴും നിലവിളികളിൽ മാത്രം ഒതുങ്ങരുത് എന്നും, അത് മക്കളുടെ ആവശ്യങ്ങൾ അവർ പറയുന്നതിനു മുമ്പേ അറിയുന്ന അമ്മയുടെ കരുതലിലേയ്ക്ക് വളരണമെന്നും വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

വിശ്വാസത്തോടെയും നിർമ്മല മനസ്സാക്ഷിയോടെയും വേണം പ്രാർത്ഥിക്കാൻ: മാനുഷീക പരിമിതികളുടെ തലത്തിൽ ദൈവത്തെ അളക്കാതെ വിശ്വാസത്തോടെ വിട്ടുകൊടുക്കണമെന്ന് പറയുന്നതും കീർക്കഗോഡിന്റെ തത്വം (faith is a leap into darkness and an advance towards uncertainty) വിശ്വാസം അന്ധകാരത്തിലേക്കുള്ള ഒരു എടുത്തുചാട്ടവും അനിശ്ചിതത്വത്തിലേക്കുള്ള കാൽവയ്പ്പുമാണ്. നീ ദൈവത്തിനു വഴി പറഞ്ഞുകൊടുക്കേണ്ടതില്ല...

മത്തായി, ബലിക്കുമുമ്പു നീ അനുരഞ്ജനപ്പെടണം പ്രതിയോഗിയുമായി രമ്യപ്പെട്ടില്ലെങ്കിൽ നീ കാരാഗൃഹത്തിലാകും എന്നും പറയുമ്പോൾ കൃപ സ്വീകരിക്കാൻ നിന്റെ ബന്ധനങ്ങളിൽ നിന്ന് നീ വിമുക്തനായിരിക്കണം എന്ന വചനദർശനമാണ് കുറിച്ചുവയ്ക്കുന്നത്. അതുകൊണ്ട് പ്രാർത്ഥിക്കുന്നവന് നിർമ്മല മനസ്സാക്ഷിയുണ്ടാവണം.

ചിലപ്പോഴെങ്കിലും നിന്റെ നിലവിളികൾ ദൈവം കേൾക്കുന്നില്ല എന്നു പരാതിയുണ്ടോ? ദൈവം കേൾക്കാതിരിക്കുന്നതല്ല, പക്ഷേ നിന്റെ ആഗ്രഹങ്ങൾക്ക് ഇണങ്ങും വിധം എപ്പോഴും പ്രതികരിക്കുന്നില്ല എന്നതാണ് വാസ്തവം.

വീട്ടിൽ ഓടിക്കളിക്കുന്ന കുഞ്ഞ് തിരിച്ചറിവാകാത്ത അവന്റെ പ്രായത്തിൽ, അടുപ്പിനടുത്ത് വീണുകിടക്കുന്ന ജ്വലിക്കുന്ന തീക്കനൽ കണ്ട്, അതിൽ ആകർഷിക്കപ്പെട്ട് എടുക്കാൻ ഓടിച്ചെല്ലുമ്പോൾ, അമ്മ ഓടി വരും; കുഞ്ഞിനെ വാരിയെടുക്കും - തീക്കനൽ തൊടാൻ സമ്മതിക്കില്ല. കുഞ്ഞ് എത്ര നിലവിളിച്ചാലും അമ്മ അത് അവന് കൊടുക്കില്ല. കാരണം അമ്മക്കല്ലേ അറിയൂ അവന്റെ കൈ പൊള്ളുമെന്ന്, കുഞ്ഞിനറിയില്ലല്ലോ...

നിന്റെ ചില നിലവിളികളോട് ദൈവം ഇങ്ങനെ പ്രതികരിക്കും. കാരണം നിന്നോടുള്ള സ്നേഹത്തിൽ ദൈവത്തിന് ഒരു അമ്മ മനസ്സിന്റെ ആർദ്രതയുണ്ട്...
അതുകൊണ്ട് നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കുവിൻ.

**ഫാ. അലക്സ് വേലാച്ചേരി**